കേരള സർക്കാർ

# ഒക്കൽ ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.2)121/2019

തീയതി .06.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന
ഒക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഒക്കൽ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേക്കും ഭാഗം 3ലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

.

നം കെ.എസ്.എ-ഇ.കെ.എം (പി2)121/2019 തിയ്യതി:06.02.2019

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.09.2017 മുതൽ 03.01.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. ജയ.സി.ആർ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 04.01.2019മുതൽ 18.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.അജിമോൻ.പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.വിജു.എം.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.അനീഷ്.ആർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.മേഴ്സി ജോർജ്ജ്. | 01.04.2017 മുതൽ 31.03.2018 വരെ |
| വൈസ് പ്രസിഡന്റ് | : | ശ്രീ.ജോസ് വർഗ്ഗീസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി.സിന്ധു ടീച്ചർ | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.അൻവർ മരക്കാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി.ജെസ്സി ഷാജ്ജ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | : | ശ്രീ.യു.അബ്ദുൽ ഹക്കിം | 01.04.2017 മുതൽ 12.06.2017 വരെ |
| | | ശ്രീ.പ്രസാദ്.ടി.എസ്. | 13.06.2017 മുതൽ 20.06.2017 വരെ |
| | | ശ്രീ.മധുസൂദനൻ.ടി.ജി. (അസി.സെക്രട്ടറി ഇൻ ചാർജ്ജ്) | 21.06.2017 മുതൽ 20.08.2017 വരെ |
| | | ശ്രീ.വി.എസ്.സുരേഷ്ബാബു. | 21.08.2017 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | : | ശ്രീമതി.ഗേളി മേരി ജോർജ്ജ് | 01.04.2017മുതൽ 03.10.2017 വരെ |
| | | ശ്രീമതി.മഞ്ചു.കെ.ആർ | 04.10.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | : | ശ്രീ.മധുസൂദനൻ.ടി.ജി. | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | : | ശ്രീ.അനിൽ എബ്രഹാം | 01.04.2017മുതൽ 05.07.2017 വരെ |
| | | ശ്രീമതി.ബീതി ബാലചന്ദ്രൻ | 06.07.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | : | ഡോ.രഞ്ചു ആന്റണി | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | : | ഡോ.ഗൗരികൃപ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | : | ഡോ.അനുരാധ | 01.04.2017 മുതൽ 31.07.2017 വരെ |
| | | ഡോ.സുശീല.ആർ | 01.08.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | : | ഡോ.ഡയാനമോൾ.പി.വി. | 01.04.2017മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | : | ശ്രീമതി. ജാസ്മിൻ | 01.04.2017മുതൽ 4.12.2017 വരെ |
| | | ശ്രീമതി.ആഷിഫ.കെ.എ. | 05.12.2017മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ് | : | ശ്രീ.അലിയാർ | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി. പ്രതിഭ മത്തായി | 01.04.2017മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | : | ശ്രീമതി.സാഹിറ.എം.എ. | 01.04.2017മുതൽ 31.03.2018 വരെ |

.

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 2-1 |
| 14 | തൊഴിൽനികുതി ഈടാക്കിയില്ല | 2-2 |
| 15 | വസ്തുനികുതി ഭീമമായ കുടിശ്ശിക – പിരിവ് കാര്യക്ഷമമല്ല | 2-3 |
| 16 | ഡി&ഒ ലൈസൻസ് - അനുബന്ധ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല. | 2-4 |
| 17 | പരസ്യനികുതി /ഫലവൃക്ഷങ്ങൾ / മത്സ്യകൃഷി - ലേലക്കുടിശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 2-5 |
| 18 | മരാമത്ത് പ്രവൃത്തികൾ - ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. | 2-6 |
| | ഭാഗം 3 | |
| 19 | വാട്ടർ ടാങ്ക് വിതരണം -കൂടിയ നിരക്ക് നല്കി | 3-1 |
| 20 | മരാമത്ത് പ്രവൃത്തികൾ - ഗവൺമെന്റ് ഡ്യൂസ്- അടവാക്കിയതിന് രേഖകളില്ല. | 3-2 |
| 21 | ഗുണഭോക്തൃസമിതി നടപ്പിലാക്കിയ പ്രവൃത്തികൾ - സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. | 3-3 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- 2542000രൂപ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 23 | ആദായ നികുതി ഈടാക്കിയില്ല. | 3-5 |

| | | |
|---|---|---|
| 24 | എം.ജി.എൻ.ആർ.ഇ.ജി.എസ് ആദായനകുതി ഈടാക്കിയില്ല. | 3-6 |
| 25 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നല്കി | 3-7 |
| 26 | തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-8 |
| 27 | പദ്ധതി പൂർത്തികരിച്ചില്ല. | 3-9 |
| 28 | അഫിലീയേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. | 3-10 |
| 29 | എ.ബി.സി പ്രോഗ്രാം.നിർവ്വഹണരേഖകളില്ല | 3-11 |
| 30 | സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 3-12 |
| 31 | തെരുവ് വിളക്ക് മീറ്ററിംങ് പൂർത്തിയാക്കിയില്ല | 3-13 |
| 32 | ശമ്പള പരിഷ്കരണ കുടിശ്ശിക സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ ചെലവ്. | 3-14 |
| 33 | പത്രപരസ്യചാർജ്ജ് - 15% കിഴിവ് ലഭിച്ചില്ല. | 3-15 |
| 34 | ജോയിന്റ് വെൻജർ പ്രോജക്റ്റ് - നീക്കിയിരുപ്പ് തുകയുടെ വിവരം ലഭ്യമല്ല. | 3-16 |
| 35 | ഫിറ്റ്നസ് ഇല്ലാതെ അങ്കണവാടി പ്രവർത്തിക്കുന്നു. | 3-17 |
| 36 | വെള്ളക്കരം - ഭീമമായ കുടിശ്ശിക – ഉപയോഗക്ഷമമല്ലാത്ത ടാപ്പുകൾ റദ്ദാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 3-18 |
| 37 | പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പാസ്സാക്കിയിട്ടില്ല | 3-19 |
| 38 | ഇ.എം.എസ്.ഭവന നിർമ്മാണം - ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തില്ല. | 3-20 |
| 39 | ഭവനപദ്ധതികൾക്ക് ലഭിച്ച് ഫണ്ട് വിനിയോഗമില്ലാതെ സൂക്ഷിക്കുന്നു. | 3-21 |
| 40 | തുടർസാക്ഷരത | 3-22 |
| | ഭാഗം 4 | |
| 41 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 44 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപം | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 48 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| | | |
|---|---|---|
| 51 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 52 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 53 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 54 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 16.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1786(57)/18 തീ. 29.8.2018 |

## 1-4 സാമ്പത്തിക വിശകലനം

.

| | |
|---|---|
| മുന്നിരിപ്പ് | 1,38,50,503 |
| വരവ് | 6,50,95,795 |
| ആകെ | 7,89,46,298 |
| ചെലവ് | 6,74,49,807 |
| നീക്കിയിരിപ്പ് | 1,14,96,491 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9223035 | 9223035 | 9223035 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2345054 | 2345054 | 2345054 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 6743500 | 6743500 | 6743500 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2090829 | 2090829 | 2090829 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 5784134 | 5784134 | 5784134 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | | 0 | 2782098 | 2782098 | 2782098 | 0 |
| സാക്ഷരത | | 364493 | 14800 | 379293 | 0 | 379293 |
| ദുരിതാശ്വാസനിധി | | 138605 | 43863 | 182468 | 104000 | 78468 |
| സാനിട്ടേഷൻ | | 110801 | 5517 | 116318 | 0 | 116318 |
| ജനകീയ ഭവനപദ്ധതി | | 125417 | 4857 | 130274 | 0 | 130274 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 9579124 | 9579124 | 9579124 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2285 | 812810 | 815095 | 808603 | 6492 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1858000 | 1858000 | 1223000 | 635000 |
| | ജില്ലാ പഞ്ചായത്ത് | 0 | 1508400 | 1508400 | 1508400 | 0 |
| ബി ഫണ്ട് | | 0 | 216600 | 216600 | 216600 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10717335 | 13401612 | 24118947 | 15042941 | 9076006 |
| | ട്രഷറി അക്കൗണ്ട് | 1755435 | 8485600 | 10241035 | 9362357 | 878678 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 73021688 | 106 | 44344252 | 82 | 0 | 56.38 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

ഗ്രാന്റ് ഇൻ എയ്ഡ് - പൂർണ്ണമായും വിനിയോഗിച്ചില്ല.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡ് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 11893000 | 9223035 | 2669965 | 77.55 |
| വികസനഫണ്ട് -എസ്.സി.പി | 2991173 | 2345054 | 646119 | 78.4 |
| വികസനഫണ്ട് -ടി.എസ്.പി | 47981 | 0 | 47981 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 6976140 | 6743500 | 232640 | 96.67 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2981123 | 2090829 | 890294 | 70.14 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5788617 | 5784134 | 4483 | 99.92 |

| | | | | |
|---|---|---|---|---|
| കെ.എൽ.ജി. എസ്.ഡി.പി | 2810369 | 2782098 | 28271 | 98.99 |

മോണിട്ടറിങ്ങ് .

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്യതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ് . മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മേണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2285 | 812810 | 815095 | 808603 | 6492 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9579124 | 9579124 | 9579124 | 0 |
| ആകെ | 2285 | 10391934 | 10394219 | 10387727 | 6492 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6600 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 3734500 | 318 |
| വിധവാപെൻഷൻ | 9624700 | 838 |
| വാർദ്ധക്യകാലപെൻഷൻ | 25364900 | 2180 |
| വികലാംഗപെൻഷൻ | 3373300 | 311 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 629600 | 52 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 594/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ചെലവുകൾ – ബജറ്റ് നിയന്ത്രണം

വിവിധ ആവശ്യങ്ങൾക്ക് തുക വിനിയോഗിക്കുമ്പോൾ ഫയലിലോ വൗച്ചറുകളിലോ, ബജറ്റ് നിയന്ത്രണത്തിനായി Appropriation Control രേഖപ്പെടുത്തുന്നില്ല. അതിനാൽ ചെലവ് തുകകൾ അതാത് ശീർഷകങ്ങളിലെ ബജറ്റ് അലോക്കേഷനിലും കൂടുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണുള്ളത്.

ടെണ്ടർ രജിസ്റ്റർ

Kerala PWD Manual ഖണ്ഡിക 2009.1ൽ നിർദ്ദേശിക്കും പ്രകാരം ടെണ്ടർ രജിസ്റ്റർ പരിപാലിക്കുന്നില്ല. ലഭിക്കുന്ന എല്ലാ ടെണ്ടറുകളും അനുബന്ധം 2000B യിലെ ഫോർമാറ്റിലുള്ള ടെണ്ടർ രജിസ്റ്ററിൽ അവ ലഭിക്കുമ്പോൾ തന്നെ രേഖപ്പെടുത്തുകയും കരാർ ചമയ്ക്കപ്പെടുന്നതുവരെ അവയുടെ തീർപ്പ് നിരീക്ഷിക്കേണ്ടതുമാണ്.

തൊഴിൽ നികുതി

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ലെ ഫാറം II ൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്താതെയാണ് വരുമാനം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കപ്പെടുന്നത്. പലപ്പോഴും നിശ്ചിത ഫോർമാറ്റിലല്ല ഇവ ഹാജരാക്കപ്പെടുന്നത്. ഇത് മൂലം നികുതി നിർണ്ണയം കൃത്യമാണ് എന്നുറപ്പാക്കപ്പെടുന്നില്ല.

സൂചിക സോഫ്റ്റ് വെയർ

ഫയൽ സംവിധാനം ഇ ഗവേണൻസ് വഴി സുതാര്യവും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ വെബ് ബേസ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയറായ സൂചിക ഉപയോഗപ്പെടുത്തുന്നില്ല. മാത്രമല്ല ലഭിക്കുന്ന തപാലുകളുടെ തീർപ്പ് നിരീക്ഷിക്കുന്നതിനു വേണ്ടി പേഴ്സണൽ രജിസ്റ്ററുകൾ എഴുതുന്നുമില്ല. സൂചിക സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.2018 | നവംബർ 2018 | 18.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2018 മുതൽ 04.04.2018 വരെ | 2012-13 മുതൽ 2016-17 വരെ | 18.05.2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.3 യിൽ Liability ആയി Special funds (Utilised) (Code 312300100)

എന്ന ഹെഡിൽ 1,47,900/-രൂപയും ഷെഡ്യൂൾ ബി.4 ൽ Grants Funds & Contribution for specific purpose other Govt Agencies (Code 320300199) എന്ന അക്കൗണ്ടിൽ 11,12,500/- നീക്കിബാക്കിയുണ്ട്. എന്നാൽ ഇത് എന്ത് ആവശ്യത്തിന് ഏത് ഏജൻസിയിൽ നിന്നും എപ്പോൾ ലഭ്യമായി എന്ന വിവരം തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

2. ഡിപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ്ഷീറ്റിലെ ബി.7 ഷെഡ്യൂളിലെ ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.
3. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
4. വസ്തുനികുതി സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 25.04.12ലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള വിജ്ഞാപനം പ്രകാരം 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ താഴ പറയുന്ന 100 ച. മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 30 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനം | വിസ്തൃതി | നിർണ്ണയിക്കേണ്ട നികുതി - 50 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | നിർണ്ണയിച്ച നികുതി - 30 രൂപ നിരക്കിൻ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | കുറവ് (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) |
|---|---|---|---|---|
| IX/349A | 129.00 | 6095 | 3658 | 2437 |
| X/67A | 145.00 | 6090 | 3654 | 2436 |
| XIV/62B | 120.32 | 6948 | 4170 | 2778 |
| XIV/47B | 128 | 7392 | 4436 | 2956 |
| ആകെ | | 26525 | 15918 | 10607 |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/04.01.19) ടി നികുതിനിർണ്ണയങ്ങൾ നടത്തിയത് 2011-12 സാമ്പത്തീക വർഷത്തിലാണെന്നും, ആയതിനാൽ, 2012-13 വരെ എആർവി അടിസ്ഥാനത്തിൽ നികുതിനിർണ്ണയം നടത്തിയാൽ മതിയെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, 2013ലെ കേരള ഗ്രാമപഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും) ഭേദഗതി

ചട്ടങ്ങൾ (സ.ഉ. (പി) നം. 88/2013/ത.സ്വ.ഭ.വ. തി.13.03.13) പ്രകാരം പുതിയതും, പുതുക്കി പണിതതും ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറി നിർണ്ണയിക്കപ്പെട്ട പ്രകാരം നികുതി നിശ്ചയിച്ച് തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച്, കുടിശിക സഹിതം ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ (ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഉള്ള ) ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തീക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | അജ്മീർ ടിംബേഴ്സ് |
| 2 | ആലക്കാടൻ എന്റർപ്രൈസസ് |
| 3 | അംബാടൻ ടിംബേഴ്സ് |
| 4 | അന്ന ഫ്ലോർ മിൽ, ആന്റോപുരം |
| 5 | ബെറ്റർ സോഡ |
| 6 | ബിസിയ വിനീഴ്സ് & പ്ലൈവുഡ് |
| 7 | ബിആർഡി കാർ വേൾഡ് |
| 8 | സികെ ഓട്ടോമൊബൈൽസ് |
| 9 | ചൈതന്യ ട്രേഡിംഗ് കമ്പനി |
| 10 | സിപ്കോ പൈപ്പ്സ് & ഫിറ്റിംഗ്സ് |
| 11 | കൊച്ചിൻ സ്റ്റീൽ ഇൻഡസ്ട്രീസ് |
| 12 | സിപി ടിംബേഴ്സ്, ഒക്കൽ |
| 13 | ക്രീയേറ്റീവ് പ്ലാസ്റ്റിക്സ് |
| 14 | ക്രിസ്റ്റോൺ ടൈൽസ് |
| 15 | ഡ്യൂറാകോം ഇൻഡസ്ട്രീസ് |
| 16 | ഇഎം ടിംബേഴ്സ് |
| 17 | എസ് പി ഫുഡ് ഇൻഡസ്ട്രീസ് |
| 18 | എഫ് &എച്ച് സോമിൽ |
| 19 | ഫാത്തിമ ഫ്ലോർ മിൽ |
| 20 | ഫാത്തിമ വുഡ് പാക്കേഴ്സ് |
| 21 | ഫ്രഷ്എൻ മെയ്ഡ് ഫുഡ് പ്രൊഡക്ട്സ് |
| 22 | ഗ്യാലക്സി ഡയറി പ്രൊഡക്ട്സ് |
| 23 | ഹരിത ക്യാറ്റിൽ ഫീഡ്സ്, ഡയറി ഫാം, പോളിമേഴ്സ് |
| 24 | ഹെവൻലി പ്ലാസ്റ്റ് |
| 25 | ഹോംലി പ്ലാസ്റ്റിക്സ് |
| 26 | ജാസ് ബ്രേക്കർ ടെക് |
| 27 | കെകെ പ്ലൈ & ബോർഡ്സ് |
| 28 | കെകെ ബോളിമേഴ്സ് |
| 29 | കീർത്തി മിൽസ് |
| 30 | കേരള മെറ്റൽ പ്രൊഡക്ട്സ് |
| 31 | കൃഷ്ണ പ്ലാസ്റ്റിക്സ് |

| | |
|---|---|
| 32 | കെആർആർ പ്ലൈവുഡ് ഇൻഡസ്ട്രീസ് |
| 33 | മാം ഇൻഡസ്ട്രീസ് |
| 34 | മന്ന ഫുഡ് ഇൻഡസ്ട്രീസ് |
| 35 | മുണ്ടേത്ത് അഗ്രോ മിൽസ് |
| 36 | നാനോ പ്ലാസ്റ്റിക്സ് കൂടാലപ്പാട് |
| 37 | നാപ്കോ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് |
| 38 | നാഷണൽ പെറ്റ് ഇൻഡസ്ട്രീസ് |
| 39 | നാഷണൽ സോഡ & സോഫ്റ്റ് ഡ്രിംഗ്സ് |
| 40 | ന്യൂ ഹൈടെക് ടൈൽസ് |
| 41 | ഒറിയോൺ ഫുഡ്സ് |
| 42 | പെരിയാർ പോളിമേഴ്സ്, ഒക്കൽ |
| 43 | പയനീയർ ഫ്രൂട്ട് ക്യാൻസ് |
| 44 | പിഎസ് എഞ്ചിനീയറിങ്ങ് ഇൻഡസ്ട്രീസ് |
| 45 | പുതിയേടത്ത് ഇൻഡസ്ട്രീസ് |
| 46 | റഹ്മാനിയ ഗ്രാനൈറ്റ്സ് |
| 47 | റൺസ് മാർക്കറ്റിംഗ് |
| 48 | സഫ റബ്ബർ ഇൻഡസ്ട്രീസ് |
| 49 | സാപ്കോ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് |
| 50 | ഷാ പ്ലാസ്റ്റിക്സ് |
| 51 | ശ്രീദുർഗ റബ്ബർ പ്രൊഡക്ട്സ് |
| 52 | ടെക്നോ ട്രേഡേഴ്സ് |
| 53 | തിരുവോണം റൈസ് |
| 54 | വുഡ് ലാൻറ് ഇൻഡസ്ട്രീസ് |
| 55 | ഉദയം റാസ്മിൽ |
| 56 | ആസിയ ടിംബർ ഇൻസ്ട്രീസ് |
| 57 | ഭവാനി പോളിമേഴ്സ് |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/16.01.19) മറുപടി ലഭിച്ചില്ല. ആയതിനാൽ, മേൽ സൂചിപ്പിച്ച സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി, തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി ഭീമമായ കുടിശ്ശിക - പിരിവ് കാര്യക്ഷമമല്ല

ബാലൻസ് ഷീറ്റിൽ ബി -15 ഷെഡ്യൂളിൽ പ്രകാരം വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 31,57,065/-രൂപ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 431100101 | Residential building (Current) | 615382 |
| 431100102 | Residential building (Arrear) | 761723 |
| 431100103 | Non Residential building (Current) | 1011531 |
| 431100104 | Non Residential building (Arrear) | 768429 |
| ആകെ | | 3157065 |

കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി 2017- 18 വർഷത്തിൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുപോലും ഭീമമായ കുടിശ്ശികയാണ് ഉള്ളത്. നികുതിപിരിവ്

കാര്യക്ഷമമല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. നികുതിയിനത്തിൽ ഇത്രയും തുക ലഭിക്കുവാക്കുവാനിരിക്കെ തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം പല മരാമത്ത് പ്രവൃത്തികളുടെയും ബിൽതുക നൽകാനാവാത്ത സ്ഥിതിയിലാണ് പഞ്ചായത്ത്. റിവ്യൂമീറ്റിങ്ങുകൾ വിളിച്ച് ചേർത്ത് നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിലേക്ക് ശുപാർശ ചെയ്യുന്നു.

## 2-4 ഡി&ഒ ലൈസൻസ് - അനുബന്ധ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല.

അഞ്ച് കുതിരശക്തിയിൽ കവിയുന്ന യന്ത്രമുപയോഗിക്കുന്നവയും, പരിസരമലിനീകരണം ഉണ്ടാക്കുന്നതുമായ ഫാക്ടറികൾ, വ്യവസായശാലകൾ എന്നിവയെ സംബന്ധിച്ചിടത്തോളം ഇതര വകുപ്പുകളിൽ നിന്നും ആവശ്യമായ നിരാക്ഷേപപത്രം ഇല്ലാതെ ഡി&ഒ ലൈസൻസ് പുതുക്കി നൽകാൻ പാടുള്ളതല്ല. എന്നാൽ, ഒക്കൽ ഗ്രാമപഞ്ചായത്ത് ഏതാനും സ്ഥാപനങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തേക്ക് ഡി&ഒ ലൈസൻസ് നൽകിയത് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള ലൈസൻസോ, സാക്ഷ്യപത്രമോ ഇല്ലാതെയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

| ക്രമ നം. | ഡി&ഒ ലൈസൻസ് നം. | സ്ഥാപനം | ഹാജരാക്കാത്ത സാക്ഷ്യപത്രം/ലൈസൻസ് |
|---|---|---|---|
| 1 | 138/17-18 | ഗ്യാലക്സി ഡയറി പ്രൊഡക്ട്സ് | 1)എഫ്എസ്എസ് ആക്ട് 2006 പ്രകാരമുള്ള സർട്ടിഫിക്കറ്റ് |
| 2 | 141/17-18 | ഹെവൻലി പ്ലാസ്റ്റിക്സ് | 1)സാനിറ്ററി സർട്ടിഫിക്കറ്റ്, 2)പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| 3 | 142/17-18 | മന്ന ഫുഡ് ഇൻഡസ്ട്രീസ് | 1)എഫ്എസ്എസ് ആക്ട് 2006 പ്രകാരമുള്ള സർട്ടിഫിക്കറ്റ് |
| 4 | 143/17-18 | ജൂപ്പിറ്റർ ലെയ്സ് പ്രൈ. ലി. | 1)എഫ്എസ്എസ് ആക്ട് 2006 പ്രകാരമുള്ള സർട്ടിഫിക്കറ്റ്, 2)സാനിറ്ററി സർട്ടിഫിക്കറ്റ്, 3)പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| 5 | 153//17-18 | മലയാളി ഫുഡ്സ്, ഒക്കൽ | 1)എഫ്എസ്എസ് ആക്ട് 2006 പ്രകാരമുള്ള സർട്ടിഫിക്കറ്റ്, 2)സാനിറ്ററി സർട്ടിഫിക്കറ്റ്, 3)പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| 6 | 156/17-18 | ഫാത്തിമ വുഡ് ഇൻടസ്ട്രീസ് | 1)തടി മിൽ, തടി അനുബന്ധ വ്യവസായങ്ങൾക്ക് വനം വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, 2)സാനിറ്ററി സർട്ടിഫിക്കറ്റ് |
| 7 | 206/17-18 | സ്കൈലെറ്റ് ബേക്സ് & ഐസ്ക്രീം | 1)സാനിറ്ററി സർട്ടിഫിക്കറ്റ്, 2)എഫ്എസ്എസ് ആക്ട് 2006 പ്രകാരമുള്ള സർട്ടിഫിക്കറ്റ് |
| 8 | 08/17-18 | ലി ടോർട്ട ബോർമ്മ, വല്ലം | 1)സാനിറ്ററി സർട്ടിഫിക്കറ്റ് |
| 9 | 23/17-18 | ആർജി പ്ലാസ്റ്റിക്സ് | 1)സാനിറ്ററി സർട്ടിഫിക്കറ്റ് |
| 10 | 61/17-18 | ജെം പോളിമേഴ്സ് | 1)സാനിറ്ററി സർട്ടിഫിക്കറ്റ് |
| 11 | 62/17-18 | സുപ്രിയ പ്ലാസ്റ്റിക്സ് | 1)സാനിറ്ററി സർട്ടിഫിക്കറ്റ്, 2) പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 12 | 66/17-18 | മുണ്ടേത്ത് ഫുഡ് ഇൻഡസ്ട്രീസ് | 1)സാനിറ്ററി സർട്ടിഫിക്കറ്റ്, 2),എഫ്എസ്എസ് ആക്ട് 2006 പ്രകാരമുള്ള സർട്ടിഫിക്കറ്റ് |
| 13 | 75/17-18 | ഓജസ് ഇൻഡസ്ട്രീസ് | 1)സാനിറ്ററി സർട്ടിഫിക്കറ്റ്, 2)പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| 14 | 78/17-18 | ലക്ഷ്മി അഗ്രോ മിൽ ഇൻഡസ്ട്രീസ് | 1)സാനിറ്ററി സർട്ടിഫിക്കറ്റ് |
| 15 | 82/17-18 | TOUGHIE BLOCKS | 1)സാനിറ്ററി സർട്ടിഫിക്കറ്റ്, 2)എഫ്എസ്എസ് ആക്ട് 2006 പ്രകാരമുള്ള സർട്ടിഫിക്കറ്റ് |
| 16 | 134/17-18 | ഹോട്ടൽ ഗ്യാലക്സി | 1)സാനിറ്ററി സർട്ടിഫിക്കറ്റ് |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/16.01.19) മറുപടി ലഭിച്ചില്ല. ആയതിനാൽ, തുടർന്നുള്ള വർഷങ്ങളിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള സാക്ഷ്യപത്രവും, ലൈസൻസും ഹാജരാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 പരസ്യനികുതി /ഫലവൃക്ഷങ്ങൾ / മത്സ്യകൃഷി - ലേലക്കുടിശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

ഓഡിറ്റ് വർഷത്തെ ബാലൻസ് ഷീറ്റിൽ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന കുടിശ്ശിക തുകകൾ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

പരസ്യനികുതി

27.04.2016 ൽ നടത്തിയ ലേലത്തിലൂടെ 16-17 വർഷം പരസ്യം ചെയ്യുന്നതിനുള്ള അവകാശം ശ്രീ.സുബിൻകുമാർ, വെള്ളായിക്കുടത്ത്, മേക്കാലടി എന്നയാൾക്ക് 56500/- രൂപയ്ക്ക് നൽകിയിട്ടുണ്ട്. ഇദ്ദേഹം 34000/- രൂപ രണ്ടുതവണയായി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ടിയാളിൽ നിന്നും 22500/- രൂപ കൂടി പഞ്ചായത്തിന് ലഭിക്കുവാനുണ്ട്.

മത്സ്യകൃഷി

ഗ്രാമപഞ്ചായത്തിന്റെ കൊട്ടുവേലിത്തറയിൽ 16-17 വർഷത്തിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള അവകാശം 18.04.2016 ലെ ലേലത്തിൽ ശ്രീ.മുജീബ്.എം.എം. മുണ്ടേത്ത്, ഇടവൂർ എന്നയാൾക്ക് 8000/-രൂപയ്ക്ക് നൽകിയിട്ടുണ്ട്. ടിയാൻ തുകയൊന്നും തന്നെ പഞ്ചായത്തിന് നൽകിയിട്ടില്ല.

ഫലവൃക്ഷത്തിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം എടുക്കുന്നതിനുള്ള അവകാശം വിവിധ വർഷങ്ങളിൽ നൽകിയ ഇനത്തിൽ 6850/- രൂപ പഞ്ചായത്തിന് ഇനിയും ലഭിക്കുവാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക | കരാറുകാരന്റെ പേര് |
|---|---|---|
| 12-13 വരെ | 3200/- | ലഭ്യമല്ല |
| 13-14 | 500/- | ലഭ്യമല്ല |
| 14-15 | 1200/- | ലഭ്യമല്ല |

| | | |
|---|---|---|
| 16-17 | 1950/- | ജോബി പത്രോസ് |
| ആകെ | 6850/- | |

മേൽ കുടിശ്ശിക തുകകൾ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 209ഇ പ്രകാരമുള്ള പലിശസഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-6 മരാമത്ത് പ്രവൃത്തികൾ - ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

1996 ലെ കേരള കൺസ്ട്രക്ഷൻ ആന്റ് അതർ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ്, സെക്ഷൻ 3(1), 3(2) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1%ൽ കുറയാത്ത തുക (പരമാവധി 2%) ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അടവാക്കേണ്ടതാണ്. സെക്ഷൻ 3(3) പ്രകാരം ഇങ്ങനെ അടവാക്കുന്ന തുകയുടെ 1% ൽ കുറയാത്ത തുക തൊഴിൽ ദാതാവിന് കളക്ഷൻ ചാർജ്ജായി അർഹതപ്പെട്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ ഈയിനത്തിൽ അടവാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. പരിശോധനയ്ക്ക് ലഭ്യമാക്കിയ വർക്ക് ഫയലുകൾ പ്രകാരം ഓഡിറ്റ് വർഷത്തിൽ ക്ഷേമനിധി വിഹിതമായി ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| വികസന ഫണ്ട് / സംരക്ഷണ ഗ്രാന്റ് / ധനകാര്യകമ്മീഷൻ ഗ്രാന്റ് / ലോകബാങ്ക് ധനസഹായം എന്നിവ ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും അടവാക്കിയ തുക | | 122731 |
| തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും അടവാക്കിയ തുക (ലെഡ്ജർ 350200203) | | 62566 |
| ആകെ ക്ഷേമനിധി വിഹിതം | | 185297 |

ആകെ ക്ഷേമ നിധി വിഹിതത്തിന്റെ 1% തുകയായ 1853/- രൂപ കളക്ഷൻ ചാർജ്ജായി ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ടതാണ്. ഈ തുകയും മുൻവർഷങ്ങളിൽ അടവാക്കിയ തുകയുടെ കളക്ഷൻ ചാർജ്ജും ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ ടാങ്ക് വിതരണം -കൂടിയ നിരക്ക് നല്കി

| | |
|---|---|
| പ്രോജക്റ്റ് നം, | 34/17-18 |
| അടങ്കൽ,,ചെലവ്,ഫണ്ട് | 80000,56700,(വികസനഫണ്ട്)<br>(എസ്.സി.പി) +<br>20000രൂപ ഗു.വിഹിതം |
| ബിൽ നം. തീയതി | 8/17-18 23.03.2018,. |
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്റ്റ് പ്രകാരം പഞ്ചായത്തിലെ പട്ടികജാതിക്കാരായ 20 ഗുണഭോക്താക്കൾക്ക് 500ലിറ്ററിന്റെ വാട്ടർ ടാങ്ക് നല്കുന്നതിനായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് 27.10.2017ലെ എ1-168ാം നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം യാതൊരുവിധ സ്പെസിഫിക്കേഷനും രേഖപ്പെടുത്താതെ ക്വട്ടേഷൻ ക്ഷണിച്ചതിൽ താഴെപ്പറയും പ്രകാരം വിവിധ സ്ഥാപനങ്ങൾ ക്വട്ടേഷൻ നല്കിയിരുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിരക്ക് | ആകെത്തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പെരിയാർ വിനൈൽസ് | 4 രൂപ / 1ലിറ്റർ | 20x4x500=40000 |
| 2 | പെരിയാർ പ്രീമിയം വാട്ടർ ടാങ്ക് | 5 രൂപ / 1ലിറ്റർ | 20x5x500=50000 |
| 3 | ബിസ്മി പോളിമേഴ്സ് പ്ലാസ്റ്റിക്ക് വാട്ടർടാങ്ക് | 4720രൂപ+ 18%GST | 4750x20=95000+17100GST=112100 |
| 4 | ബിസ്മി പൈപ്പ് കമ്പനി വാട്ടർ ടാങ്ക് | 6.50 രൂപ+ 18%GST | 6.5x20x500=65000+11700=76700 |
| 5 | ബിസ്മി പ്ലാസ്റ്റിക്ക് കമ്പനി പ്ലാസ്റ്റിക്ക് വാട്ടർ ടാങ്ക് | 3950രൂപ+ 18%GST | 3950x20=79000+14220=93220 |

ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് പെരിയാർ വിനൈൽസ് എന്ന സ്ഥാപനമാണ്. എന്നാൽ ഈ സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിക്കാതെ 22.11.2017ൽ ചേർന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 2( 3)ാം നമ്പർ തീരുമാന പ്രകാരം ബിസ്മി പൈപ്പ് കമ്പനി വാട്ടർ ടാങ്ക് നല്കിയ 6.50 രൂപ +18% GST/ ടാങ്ക് എന്ന ഉയർന്ന നിരക്കുള്ള ക്വട്ടേഷൻ സ്വീകരിക്കുകയും പർച്ചേസ് ഓർഡർ നല്കുകയുമാണ് ചെയ്തിട്ടുള്ളത്. ടി സ്ഥാപനത്തിന്റെ 20.03.2018 ലെ 172ാം നമ്പർ ബിൽ പ്രകാരം 32261000030 എന്ന കാനറ ബാങ്ക് അക്കൗണ്ടിലേക്ക് 76700 രൂപ നല്കിയിട്ടുണ്ട്.

ക്വട്ടേഷൻ നോട്ടീസ് പ്രകാരം ആവശ്യപ്പെട്ടിരുന്ന വാട്ടർ ടാങ്കിന് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ക്വട്ടേഷൻ കാരണം പോലും പറയാതെ ഒഴിവാക്കി ഏറ്റവും കുറഞ്ഞ മൂന്നാമത്തെ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകരിച്ച നടപടി വാങ്ങൽ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ ഈ വാങ്ങൽ നടപടിയിലൂടെ 36700 രൂപയുടെ നഷ്ടം ( 76700-40000) ഉണ്ടായിട്ടുണ്ട്. വാങ്ങിയ ടാങ്കുകൾ സ്റ്റോക്കിലെടുത്ത് ആയവ 20 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ പരാമർശം സംബന്ധിച്ച വിശദീകരണം / രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 23 നല്കിയതിന് ഗുണഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വാട്ടർ ടാങ്ക് നല്കുവാനുള്ള കമ്മറ്റിത്തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രകാരം തുക നല്കിയതെന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ ഇനത്തിൽ ചെലവഴിച്ച 76700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുന്നു.

## 3-2 മരാമത്ത് പ്രവൃത്തികൾ - ഗവൺമെന്റ് ഡ്യൂസ്- അടവാക്കിയതിന് രേഖകളില്ല.

ഓഡിറ്റ് വർഷത്തിൽ തനത് ഫണ്ടിൽ നിന്നും ബിൽ തുക നൽകിയ പ്രവൃത്തികളുടെ വാറ്റ്, ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ അടവാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ബില്ലിൽ കുറവ് ചെയ്ത തുക | | |
|---|---|---|---|---|---|
| | | | വാറ്റ് | ക്ഷേമനിധി | ആദായ നികുതി |
| 1 | 117/18 | ഉൻഡ്യക്കവല കിഴക്കുംവേലിപ്പാടം റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 11 രണ്ടാം റീച്ച് | 17163 | 3433 | 6865 |
| 2 | 179/18 | കുടാലപ്പാട് സൊസൈറ്റിക്കവല പട്ട്യേലിമാലി റോഡ് | 21841 | 4368 | 8736 |

| | | | | | |
|---|---|---|---|---|---|
| | | കോൺക്രീറ്റിങ്ങ് വാർഡ് 5 | | | |
| 3 | 115/18 | മത്തായിക്കവല ജോണിക്കവല കനാൽ ബണ്ട് റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 6 | 4571 | 914 | 1828 |
| 4 | 183/18 | ഒക്കൽ പഞ്ചായത്ത് സെർവർ റൂം മെയിന്റനൻസ് | 973 | 228 | 228 |
| 5 | 169/18 | അങ്കണവാടി കെട്ടിട നിർമ്മാണം ( നം.21,28,155) | 105830 | 10583 | 21166 |
| 6 | 110/18 | കൊട്ടുവേലിപ്പടി കൂടാലപ്പാട്ട് ബ്രാഞ്ച് റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 8 | 8868 | 1774 | 3547 |
| 7 | 172/18 | ഒക്കൽ പഞ്ചായത്ത് റോഡ് അമൃതാനന്ദമയീമഠം റോഡ് അനുബന്ധ റോഡ് | 8860 | 1772 | 3544 |
| 8 | 114/18 | പാണംകുടിക്കടവ് റോഡ് കോൺക്രീറ്റിങ്ങ് | 22299 | 4460 | 8920 |
| 9 | 120/18 | പാണംകുടിക്കടവ് റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 4 സെക്കന്റ് റീച്ച് | 22373 | 4475 | 8949 |
| 10 | 185/18 | അങ്കനവാടി 30,29,27,37 ഇലക്ട്രിഫിക്കേഷൻ | 5912 | 1478 | 1478 |
| 11 | 124/18 | യൂണിയൻ കവല കുളത്തുങ്ങമ്യലി ലിങ്ക് റോഡുകൾ കോൺക്രീറ്റിങ്ങ് വാർഡ് 2 | 18725 | 3745 | 7490 |
| 12 | 178/18 | ഒക്കൽ ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം | 3178 | 794 | 794 |
| 13 | 111/18 | കാരിക്കോട് ചേലാമറ്റം മസ്ജിദ് റോഡ് രണ്ടാം റീച്ച് കോൺക്രീറ്റിങ്ങ് വാർഡ് 15 | 19663 | 3933 | 7865 |
| 14 | 176/18 | മന്നൻ കോരൻ റോഡ് കോൺക്രീറ്റിങ്ങ് വാർഡ്.1 | 16127 | 3225 | 6451 |
| 15 | 113/18 | മന്നൻ കോരൻ റോഡ് കൾവെർട്ട് നിർമ്മാണം വാർഡ് 1 | 4453 | 891 | 1781 |
| 16 | 125/18 | കാരിക്കോട് പോപ്പി റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 10 | 18433 | 3687 | 7373 |
| 17 | 116/18 | ഇടവൂർ പറമ്പിറോഡ് കോൺക്രീറ്റിങ്ങ് സെക്കന്റ് റീച്ച് വാർഡ് 4 | 15247 | 3049 | 6099 |
| 18 | 119/18 | കാരിക്കോട് ചേലാമറ്റം മസ്ജിദ് റോഡ് കോൺക്രീറ്റിങ്ങ്- വാർഡ് 15 – നാലാം റീച്ച് | 19663 | 3933 | 7865 |
| 19 | 171/18 | വടക്കേ വീട്ടിലാൻ റോഡ് കോൺക്രീറ്റിങ്ങ് | 23585 | 4717 | 9434 |
| 20 | 173/18 | കപ്പേളകാവ് റോഡ് - വാർഡ്.3 | 20849 | 4170 | 8340 |
| 21 | 174/18 | ശിവരാത്രി കടവ് റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 1 | 10464 | 2093 | 4186 |
| 23 | 175/18 | ആന്റോപുരം ആൽക്കവല റോഡ് റീടാറിങ്ങ് | 44811 | 8962 | 17925 |

| | | | | | |
|---|---|---|---|---|---|
| 24 | 177/18 | നാല് സെന്റ് കോളനി കൾവെർട്ട് പാർശ്വഭിത്തി സംരക്ഷണം വാർഡ് 12 | 7447 | 1509 | 3019 |
| 25 | 180/18 | തെക്കേമാലി നടപ്പാത കോൺക്രീറ്റിങ്ങ് വാർഡ് 5 | 11793 | 2358 | 4717 |
| 26 | 181/18 | കാരിക്കോട് കുഞ്ഞുമാലി റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 10 | 23858 | 4717 | 9434 |
| 27 | 182/18 | ഒക്കൽ കനാൽ ബണ്ട് റോഡ് സെക്കന്റ് റീച്ച് കോൺക്രീറ്റിങ്ങ് വാർഡ് 3 | 43681 | 8736 | 17472 |
| 28 | 186/18 | കുടാലപ്പാട് കളപ്പുരക്കൽ റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 7 | 30246 | 6991 | 6991 |

മേൽ വിവരിച്ച ഗവൺമെന്റ് ഡ്യൂസ് അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.28/14.01.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ നിയമപ്രകാരം അടവാക്കാതിരിക്കുന്നത് ഗൗരവമായി വീക്ഷിക്കപ്പെടുന്നതാണ്.

തനത് ഫണ്ട് വിനിയോഗിക്കുന്നതിന് 24.10.2017 ൽ ആരംഭിച്ച, അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി ടി.എസ്.പി. അക്കൗണ്ടിൽ ( നം.799011400003111) 31.03.2018ൽ 1,01,330/- രൂപ നീക്കിയിരിപ്പുണ്ട്. റിക്വിസഷൻ പ്രകാരം ഈ അക്കൗണ്ടിലേക്ക് മാറ്റിനൽകുന്ന തനത് ഫണ്ട് യഥാസമയം വിനിയോഗിച്ചിരുന്നെങ്കിൽ ഇത്തരത്തിൽ നീക്കിയിരുപ്പ് ഉണ്ടാകേണ്ടതില്ല. ഓഡിറ്റ് വർഷത്തിൽ ഡിസംബർ 2017 ലാണ് അവസാന ചെലവുകൾ ഈ അക്കൗണ്ടിൽ നിന്നും വരുത്തിയിട്ടുള്ളത്. ഗവൺമെന്റ് ഡ്യൂസ് പൂർണ്ണമായും അടവാക്കാത്തതിനാലാണ് ഇത്തരത്തിൽ നീക്കിയിരുപ്പ് ഉണ്ടായിട്ടുള്ളത്. അടവാക്കുവാനുള്ള തുകകൾ ഏതെല്ലാമാണെന്ന് കണ്ടെത്തി എത്രയും വേഗം പ്രസ്തുത തുകകൾ അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 3-3 ഗുണഭോക്തൃസമിതി നടപ്പിലാക്കിയ പ്രവൃത്തികൾ - സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ കൂടുതൽ മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രോജക്ടുകൾ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം.13, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച 'ഗുണഭോക്തൃസമിതി മാർഗ്ഗരേഖ' എന്നിവയിലെ വ്യവസ്ഥകൾ പലതും പാലിക്കാതെയാണ് നടത്തിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

ഗുണഭോക്തൃസമിതി രൂപീകരണം.

നടപ്പിലാക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ ഒരു യോഗം ചുരുങ്ങിയത് 3 ദിവസം മുമ്പ് നോട്ടീസ് നൽകി വിളിച്ചുചേർക്കണം. ഈ യോഗത്തിൽ വച്ച് 7-15 അംഗങ്ങളെ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹണ കമ്മറ്റിയെയും അതിന് ഒരു കൺവീനറെയും ചെയർമാനെയും തെരഞ്ഞെടുക്കണം. മിക്ക പ്രവൃത്തികളിലും ഒരു മിനുട്ട്സ് ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. ചില പ്രവൃത്തികളുടെ ഫയലിൽ മിനുട്ട്സ് ബുക്ക് പോലും ലഭ്യമല്ല.

പണമിടപാടുകൾക്ക് സംയുക്തബാങ്ക് അക്കൗണ്ട്

പണമിടപാട് നടത്തുന്നതിന് വേണ്ടി ചെയർമാന്റേയും കൺവീനറുടെയും പേരിൽ ഒരു സംയുക്ത ബാങ്ക്

അക്കൗണ്ട് ആരംഭിക്കണം. മുഴുവൻ പണമിടപാടുകളും ഈ അക്കൗണ്ടിലൂടെ മാത്രമേ നടത്താവൂ. എന്നാൽ പ്രവൃത്തികൾക്ക് വേണ്ടി സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. പണം നൽകിയിട്ടുള്ളത് കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലേക്കാണ്.

മസ്റ്റർ റോളുകൾ, മറ്റ് ചെലവ് രേഖകൾ ലഭ്യമല്ല.

പ്രവൃത്തിക്ക് നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം, വയസ്സ്, അച്ഛന്റെ പേര്, ഹാജർ, വേതന നിരക്ക്, വേതനം എന്നിവ അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തി, അവസാന ദിവസം തൊഴിലാളികളെ കൊണ്ട് ഒപ്പ് രേഖപ്പെടുത്തി വേതനം നൽകണം. മസ്റ്റർ റോളിൽ ചെയർമാനും കൺവീനറും അവരുടെ ഒപ്പും , ഇത് പ്രകാരം ചെയ്ത പ്രവൃത്തിയും ഏതെന്ന് രേഖപ്പെടുത്തണം. ഇപ്രകാരം മസ്റ്റർ റോളുകൾ തയ്യാറാക്കി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബാക്കിയുള്ള ചെലവുകളുടെ രേഖകളും ലഭ്യമല്ല.

നിർമ്മാണസാധനങ്ങളുടെ വാങ്ങൽ.

നിർമ്മാണസാധനങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തി ഗുണഭോക്തൃസമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങണം. വാങ്ങുന്നത് വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും, സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തംവില, തീയതി എന്നിവ രേഖപ്പെടുത്തിയ രസീതികൾ വേണം. സിമെന്റ്, കമ്പി, ബിറ്റുമെൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതും അപ്രകാരമുള്ള ബില്ലുകൾ, പണിപൂർത്തീകരിക്കുന്ന മുറയ്ക്ക് പഞ്ചായത്തിന് കൈമാറേണ്ടതുമാണ്. ഇപ്രകാരമുള്ള രേഖകൾ, പർച്ചേയ്സ് ബില്ലുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

സമിതി യോഗം, മിനുട്ട്സ് ബുക്ക്

പണി പൂർത്തീകരിക്കപ്പെടുന്നത് വരെ ഗുണഭോക്തൃസമിതി ആഴ്ചയിയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പ്രവർത്തനം വിലയിരുത്തുകയും വേണം. ഇതിന്റെ മിനുട്ട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കണം. എന്നാൽ ഫൈനൽ ബില്ലുകൾക്കൊപ്പം ലഭ്യമായിട്ടുള്ള മിനുട്ട്സ് ബുക്ക് ക്രമപ്രകാരം യോഗങ്ങൾ ചേരുന്നില്ല എന്നത് വ്യക്തമാക്കുന്നു.

വരവ് ചെലവ് കണക്ക് പുസ്തകം- സൂക്ഷിക്കുന്നില്ല.

വരവ് ചെലവുകൾ നിർദ്ദിഷ്ട മാതൃകയിൽ കൃത്യമായി ദിനംപ്രതി എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും സമിതിയും ഇപ്രകാരം കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല. പല പ്രവൃത്തികളിലും കൺവീനർ സമർപ്പിച്ചിട്ടുള്ള കണക്കുകൾ പ്രകാരമുള്ള ആകെ ചെലവ് എഞ്ചിനീയർ തയ്യാറാക്കുന്ന ബില്ലിലെ ആകെ തുകയേക്കാൾ കൂടുതലാണ്. ഈ അധികം വന്ന ചെലവ് തുകയുടെ ഉറവിടം എന്തെന്ന് വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിക്കാത്തതിനാൽ സുതാര്യമല്ലാതാകുന്നു.

അവസാന പൊതുയോഗം/ സംരക്ഷണക്കമ്മറ്റി രൂപീകരണം.

പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ ലഭിച്ചതിന് ശേഷം പൊതുയോഗം വിളിച്ച് ചേർത്ത് വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അതിന് ശേഷം സംയുക്തബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. ഇങ്ങനെ ചേരുന്ന പൊതുയോഗത്തിൽ പ്രവൃത്തി നിർവ്വഹണ കമ്മറ്റി പിരിച്ചുവിടുകയും ആസ്തി സംരക്ഷണത്തിന് വേണ്ടി ഒരു കമ്മറ്റി രൂപീകരിക്കുകയും വേണം. പഞ്ചായത്തിൽ ഗുണഭോക്തൃസമിതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ തുടർ സംരക്ഷണത്തിനായി ഇത്തരത്തിൽ സംരക്ഷണക്കമ്മറ്റികൾ രൂപീകരിച്ചിട്ടില്ല.

സമിതി കൈമാറുന്ന രേഖകൾക്ക് രസീതി നൽകുന്നില്ല.

പ്രവൃത്തി പൂർത്തിയാക്കിയ ശേഷം കൺവീനർ എല്ലാ രേഖകളും പഞ്ചായത്തിന് നൽകി രസീതി വാങ്ങേണ്ടതാണ്. ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. അതിനാൽ തന്നെ കൺവീനർ രേഖകൾ ഹാജരാക്കാതിരിക്കുകയോ ഭാഗീകമായി കൈമാറുകയോ ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

മേൽ വിവരിച്ച അപാകതകൾ കാണുന്ന പ്രവൃത്തികളുടെ വിവരം താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | കൺവീനർ | അളവ് പുസ്തകം | ചെലവ് തുക |
|---|---|---|---|---|
| 1 | കാവുംപടി പമ്പ് ഷെഡ് കനാൽ ബണ്ട് റോഡ് കോൺക്രീറ്റിങ്ങ് - വാർഡ്.3 (എസ്.0129/18) | എം.എം.ഷിജു. | 396/16-17 | 393390/- ബിൽ നം.9/17-18 /23.8.17 |
| 2 | അമ്പലത്തുമാലി മൺ റോഡുകൾ കോൺക്രീറ്റിങ്ങ്- വാർഡ് 10 (എസ്.0143/18) | വിജയശങ്കരൻ. ആർ.വി. | 394/16-17 | 281578/- ബിൽ നം.11/17-18 /23.8.17 |
| 3 | കോട്ടക്കടവ് റോഡ് വാർഡ് 3 (എസ്.0155/18) | വിഷ്ണു.കെ.ആർ. | 395/16-17 | 209435/- (ബിൽ നം. 13/17-18/29.8.17) 145510/- (ബിൽ നം. 12/17-18/29.8.17) |
| 4 | ഇടവൂർ ശിവക്ഷേത്രം കനാൽ ബണ്ട് റോഡ് കോൺക്രീറ്റിങ്ങ് വാർഡ്.3 (എസ്.0128/18) | എ.പി.അലി. | 398/16-17 | 333120/- (ബിൽ നം. 24/17-18 /24.10.17) |
| 5 | യൂണിയൻ കവല കളത്തുങ്ങമാലി ലിങ്ക് റോഡുകൾ കോൺക്രീറ്റിങ്ങ് വാർഡ്.2(എസ്.0154/18) | ഇക്ബാൽ ഫൈസൽ | 397/16-17 | 256205/- (ബിൽ നം. 22/17-18/ 11.10.17) |
| 6 | ഉൻഡ്യക്കവല കിഴക്കുംവേലിപ്പാടം റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 11 രണ്ടാം റീച്ച് (എസ്.0117/18) | മുഹമ്മദ് അൻസൽ | 6/AE/15-16 | 336400/- ചെക്ക് നം.7726204/ 12.12.17) |
| 7 | അങ്കണവാടി കെട്ടിട നിർമ്മാണം ( നം.21,28,155) (എസ്.0169/18) | പ്രൊതാസിസ്.ജെ.ഒ | 28/AE/14-15 | 1037135/- ചെക്ക് നം.7726209 / 12.12.17 |
| 8 | കൊട്ടുവേലിപ്പടി കൂടാലപ്പാട്ട് ബ്രാഞ്ച് റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 8 (എസ്.0110/18) | ടി.ഒ.സേവ്യർ | 11/AE/15-16 | 173811/- ചെക്ക് നം.7726207/ 12.12.17 |
| 9 | ഒക്കൽ പഞ്ചായത്ത് റോഡ് അമൃതാനന്ദമയീമഠം റോഡ് അനുബന്ധ റോഡ് (എസ്.0172/18) | രാജീവ്.ടി.ആർ. | 1/AE/14-15 | 173653/- ചെക്ക് നം.25947/ 7.8.17 |
| 10 | പാണംകുടിക്കടവ് റോഡ് കോൺക്രീറ്റിങ്ങ് (എസ്.0114/18) | സോജൻ ജോസ് | 32/AE/15-16 | 437057/- ചെക്ക് നം.25946/7.8.17 |
| 11 | പാണംകുടിക്കടവ് റോഡ് കോൺക്രീറ്റിങ്ങ് വാർഡ് 4 സെക്കന്റ് റീച്ച് (എസ്.0120/18) | ജോഷി.എൻ.എസ്. | 33/AE/15-16 | 438520/- ചെക്ക് നം.7726206/ 12.12.17 |
| 12 | വടക്കേ വീട്ടിലാൻ റോഡ് കോൺക്രീറ്റിങ്ങ് (എസ്.0171/18) | തങ്കച്ചൻ.വി.റ്റി. | 13/AE/14-15 | 462264/- ചെക്ക് നം.25948/7.8.17 |
| 13 | ആന്റോപുരം ആൽക്കവല റോഡ് റീടാറിങ്ങ് (എസ്.0175/18) | കുമാരൻ വിജയൻ | 12/AE/14-15 | 864702/- ചെക്ക് നം.25945/7.8.17 |

| | | | | |
|---|---|---|---|---|
| 14 | ഒക്കൽ കനാൽ ബണ്ട് റോഡ് സെക്കന്റ് റീച്ച് കോൺക്രീറ്റിങ്ങ് വാർഡ് 3 (എസ്.0182/18) | സന്തോഷ് രവീന്ദ്രൻ | 23/AE/14-15 | 856150/- ചെക്ക് നം. 25952/ 7.8.17 |
| ആകെ | | | | 63,98,930/- |

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 16/8.1.19, 26/13.1.19 എന്നീ ഓഡിറ്റ് എൻക്വയറികൾക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 63,98,930/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- 2542000രൂപ ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ ചേർത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ബിൽ നം, തീയതി | വിഷയം | പ്രോജക്ട് നം | തുക |
|---|---|---|---|---|
| 1 | 13/17-18 28.09.17 | ഐ.കെ.എം.ഷെയർ | എസ് 003/18 | 50000 |
| 2 | 25/17-18 06.01.2018 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | എസ് 086/18 എസ് 108/18 | 2492000 |
| ആകെ | | | | 2542000 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച് 08.01.2019 ൽ നല്കിയ 8 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് എസ്003/18 ഐ.കെ.എം.ഷെയർ പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും, എസ് 086/18, എസ് 108/18 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്നീ പ്രോജക്ടുകൾക്കായി നല്കിയ 2492000 രൂപ എസ്റ്റിമേറ്റ് പ്രകാരം കുറവായതിനാൽ പ്രോജക്ട് നടപ്പിലാക്കുവാൻ സാധിക്കുകയില്ല എന്ന് വാട്ടർ അതോരിറ്റി അറിയിച്ചതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 269200 രൂപയിൽ കുറവുള്ള 200000 രൂപ 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തി നല്കിയിട്ടുണ്ടെന്നും ആയത് പൂർത്തികരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുമാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ മേൽ പ്രോജക്ടുകൾ പൂർത്തികരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഇതിനായി ചെലവഴിച്ച 2542000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ആദായ നികുതി ഈടാക്കിയില്ല.

1)

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 1/17-18പദ്ധതി രൂപീകരണം |
| അടങ്കൽ, ചെലവ് ഫണ്ട് | 300000,122422,വികസനഫണ്ട് 200000 തനത് ഫണ്ട്.100000 . |
| ബിൽ നം. തീയതി | 6/17-18 , 11.08.2017,46/17-18, 11.08.2017, 01/17-18.31.07.2017 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

2)

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 199/17-18 പൗരാവകാശരേഖകൾ അച്ചടി |
| അടങ്കൽ, ചെലവ്,ഫണ്ട് | 110000,96000,വികസനഫണ്ട് .96000 തനത് ഫണ്ട്.100000 . |

| | |
|---|---|
| ബിൽ നം. തീയതി | 45/17-18 ,21.03.2018. |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

3)

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 101/17-18തെരുവ് വിളക്ക് മെയിന്റനൻസ് |
| അടങ്കൽ,ചെലവ് ഫണ്ടിനം | 200000,199920 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം. തീയതി | 25/17-18, 23.01.2018 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് കമ്മറ്റിയുടെ 30.03.2017 ലെ 5ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിലെ പദ്ധതി രേഖ, പൗരാവകാശരേഖ, മറ്റ് രേഖകൾ എന്നിവയുടെ അച്ചടിവേല ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ പ്രിന്റ് ലൈൻ എന്ന സ്ഥാപനത്തിന് 2017-18 സാമ്പത്തിക വർഷത്തെ പ്രിന്റിംങ് ജോലികൾ നല്കിയിട്ടുണ്ട്.

ഈ സ്ഥാപനം 27.07.2017 ലെ ഇൻവോയ്സ് നം 12 പ്രകാരം 55800 രൂപയുടേയും 13.07.2017 ലെ ഇൻവോയ്സ് നം 12 പ്രകാരം 59420 രൂപയുടേയും 14.03.2018 ലെ ഇൻവോയ്സ് നം 174 പ്രകാരം 7200 രൂപയുടേയും 13.07.2017 ലെ ഇൻവോയ്സ് നം 177 പ്രകാരം 96000 രൂപയുടേയും ബിൽ നല്കിയിട്ടുണ്ട്. ഇപ്രകാരം ആകെ 218420/- രൂപ പഞ്ചായത്തിൽ നിന്ന് അച്ചടിയിനത്തിൽ നല്കിയിട്ടുണ്ട്.

17.10.2017 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(20) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് മെയിന്റനൻസ് നടത്തുവാൻ തീരുമാനിച്ചിരുന്നു.ആയത് പ്രകാരം ക്ഷണിച്ച് ക്വട്ടേഷനിൽ ഒരു ട്യൂബിന് 160 രൂപ നിരക്കിലും എൽ.ഇ.ഡി ബൾബിന് 100 രൂപ നിരക്കിലും മെയിന്റനൻസ് തുകയായി കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച ശ്രീ ലാൻസൺ.സി.ടി, ചെമ്മാശ്ശേരി എന്ന വ്യക്തിക്ക് 2017-18 വർഷത്തെ എ.എം.സി നല്കിയിരുന്നു. പഞ്ചായത്തിന്റെ കീഴിൽ 812 ട്യൂബുകളും ,700 എൽ.ഇ.ഡി ബൾബുകളുമാണുള്ളതെന്ന് പഞ്ചായത്ത് കമ്മറ്റി സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. ആയതുപ്രകാരം ശ്രീ ലാൻസൺ.സി.ടി, ചെമ്മാശ്ശേരിക്ക് 25945-ംനമ്പർ ചെക്ക് പ്രകാരം 812 ട്യൂബുകളുടേയും, 700 .എൽ.ഇ.ഡി ബൾബുകളുടേയും മെയിന്റനൻസ് തുകയായ 199920/-രൂപ (812x160=129920+700x100=70000) നല്കിയിട്ടുണ്ട്.

ടി സ്ഥാപനത്തിൽ നിന്നും വ്യക്തിയിൽ നിന്നും ആദായനികുതി വകുപ്പ് നിയമം 194 (സി) പ്രകാരം 2%,ഉം 1% ഉം വരുമാന നികുതിയായി യഥാക്രമം 4368/-,1999 രൂപ വീതം ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ രസീതും ചെലാനും ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കിയതിന്റെ രസീതും ചെലാനും ഹാജരാക്കേണ്ടതാണ്.

## 3-6 എം.ജി.എൻ.ആർ.ഇ.ജി.എസ് ആദായനകുതി ഈടാക്കിയില്ല.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്ക് കരാറുകാർക്ക് നല്കിയ തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെച്ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് വാർഡ് നം | കരാറുകാരന്റെ പേര്,വിലാസം | എം ബുക്ക്നം | നല്കിയ തുക. എഫ്.ടി.ഒ നം | ഈടാക്കേണ്ട നികുതി (1%) |
|---|---|---|---|---|---|
| 1 | എസ്.സി,നടപ്പാത കോൺക്രീറ്റിംങ്. വാർഡ് 13 | സജു.റ്റി.റ്റി തോട്ടപ്പിള്ളി ഒക്കൽ | 261/MGNREGS /16-17 | 127437 FTO no.510316 | 1274 |
| 2 | ചെറുപുഷ്പം റോഡ് കോൺക്രീറ്റിംങ്. | സജു.റ്റി.റ്റി തോട്ടപ്പിള്ളി | 260/MGNREGS /16-17 | 245940 FTO no. | 2459 |

| | | | | | |
|---|---|---|---|---|---|
| | വാർഡ് 5 | ഒക്കൽ | | 112651 | |
| 3 | പള്ളിപ്പടി റോഡ് കോൺക്രീറ്റീംങ്. വാർഡ് 2 | സജ്ജ.റ്റി.റ്റി തോട്ടപ്പിള്ളി ഒക്കൽ | 264/MGNREGS /16-17 | 123680 FTO no. 45590 | 1237 |
| 4 | ഐശ്വര്യമിൽ ബ്ലാവത്ത് കോൺക്രീറ്റീംങ്. വാർഡ് 6 | സജ്ജ.റ്റി.റ്റി തോട്ടപ്പിള്ളി ഒക്കൽ | 262/MGNREGS /16-17 | 245920 FTO no. 45113 | 2459 |
| 5 | വാര്യമ്പാട് കോൺക്രീറ്റീംങ്. വാർഡ് 14 | എ.എ.ജോർജ്. ആറ്റുപുറം, കുവപ്പടി | 263/MGNREGS /16-17 | 196498 FTO no.4476 | 1695 |
| | | | | | 9124 |

മേൽ വിവരിച്ച പ്രകാരം കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ചെലൻ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച കരാറുകാരിൽ നിന്നും 194 (സി) പ്രകാരം ഈടാക്കേണ്ട ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി ആയതിന്റെ ചെലാൻ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-7 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നല്കി

താഴെച്ചേർത്തിട്ടുള്ള പ്രോജക്ടുകളിൽ മതിയായ രേഖകളില്ലാതെയാണ് ഗുണഭോക്താക്കൾക്ക് തുക കൈമാറിയിട്ടുള്ളത്,

1)

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 27/17-18, പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| അടങ്കൽ, ചെലവ്,ഫണ്ട് | 125000,124830, എസ്.സി.പി |
| ബിൽ നം. തീയതി | 2/17-18. 24.02.2018. |
| നിർവ്വഹണോദ്യാഗസ്ഥൻ | ഹെഡ് മാസ്റ്റർ.ജി.എൽ.പി.എസ്.ഒക്കൽ |

2)

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 28/17-18,പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| അടങ്കൽ, ചെലവ്,ഫണ്ട് | 118000 ,98022,എസ്.സി.പി |
| ബിൽ നം. തീയതി | 2/17-18.17.24.02.2018. |
| നിർവ്വഹണോദ്യാഗസ്ഥൻ | ഹെഡ് മാസ്റ്റർ.ജി.എൽ.പി.എസ്.ഒക്കൽ |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.04.2017 ലെ സർക്കാർ ഉത്തരവ് നം 80/2017 പ്രകാരമുള്ള 2017-18 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ പൊതു നിബന്ധനകളിലെ 2.15 ലെ ക്ലോസ് (1) പ്രകാരം സർക്കാർ/കേന്ദ്രസർക്കാർ ജീവനക്കാരെ 2 ലക്ഷം രൂപയുടെ വരുമാന പരിധിയിൽ താഴെയുള്ളവരായി കണക്കാക്കുന്നില്ല എന്നാണ്. ആയതിനാൽ സർക്കാർ ഉദ്യോഗസ്ഥരായവരുടെ കുടുംബാംഗങ്ങൾ സബ്സിഡിക്ക് അർഹരല്ല. സാമ്പത്തികമായി നിർദ്ധനരായ കുടുംബങ്ങൾക്കാണ് സബ്സിഡി ആനുകൂല്യത്തിന് കൂടുതൽ പരിഗണന നല്കേണ്ടതെന്ന് മാർഗ്ഗരേഖയിൽ പ്രത്യേകം പറയുന്നുമുണ്ട്. മേൽ പദ്ധതികൾ പ്രകാരം 38 ഗുണഭോക്താക്കൾക്ക് മേശയും കസേരയും 22 ഗുണഭോക്താക്കൾക്ക് സൈക്കിളും നല്കിയിട്ടുണ്ട്. എന്നാൽ താഴെച്ചേർത്തിട്ടുള്ള സർക്കാർ ജീവനക്കാരടങ്ങിയ കുടുംബത്തിലെ 4ഗുണഭോക്താക്കൾക്ക് മേശയും കസേരയും 1 ഗുണഭോക്താവിന് സൈക്കിളും നല്കിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | സംസ്ഥാന/കേന്ദ്ര സർക്കാർ ജീവനം | റേഷൻ കാർഡ് നം | യുണിറ്റിന്റെ ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ബിബിന.സി.ബാബു ചെരുപ്പറമ്പിൽ,46എ, ഒക്കൽ | കേന്ദ്ര സർക്കാർ ജീവനം | 1738122007 | 3285 |
| 2 | അർജ്ജുൻ.എസ്,ഐക്കുന്നത്ത്. ഒക്കൽ | സംസ്ഥാന സർക്കാർ ജീവനം | 1738008838 | 3285 |
| 3 | വൈഷ്ണവ് ഋത്വിക്ക് പാറക്കൽ, ഇടവൂർ | സംസ്ഥാന സർക്കാർ ജീവനം | 1738005255 | 3285 |
| 4 | ഗൗരിനന്ദ.സി.എ കളപ്പിൽ,ഒക്കൽ | സംസ്ഥാന സർക്കാർ ജീവനം | 1738000869 | 3285 |
| 5 | യദുബാബു പാറപ്പുറത്ത് കുടിയിൽ കുടലപ്പാട്, ചുവപ്പടി | സംസ്ഥാന സർക്കാർ ജീവനം(സൈക്കിൾ വിതരണം) | 1738090559 | 4455 |
| ആകെ | | | | 17595 |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അർഹരല്ലാത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി ആനുകൂല്യം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുകയായ 17595(3285x4+4455) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-8 തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 207/17-18തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ<br>ചെലവ്<br>ഫണ്ട് | 200,000<br>193,225<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം. തീയതി | 28/17-18,23.01.2018 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

17.10.2017 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(20) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ നടത്തുവാൻ തീരുമാനിച്ചിരുന്നു.ആയത് പ്രകാരം കേരള സംസ്ഥാന വൈദ്യുതി വകുപ്പിന്റെ 04.12.2017 ലെ ഡി.ബി നം 42/എൽ.എസ്.ജി/17-18/ഇ.എസ് /ഒക്കൽ/14ാം നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എൻഞ്ചിനീയർ ,ഇലക്ട്രിക്കൽ സെക്ഷൻ. ഒക്കൽ സമർപ്പിച്ച ധനഭ്യർത്ഥനയ്ക്ക് എസ്.ബി.ഐ, കാലടി 67215604989 എന്ന അക്കൗണ്ടിലേക്ക് 193225/- രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കെ.എസ്.ഇ.ബി ഈ പ്രോജക്ട് സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ്, എഗ്രിമെന്റ്, കെ.എസ്.ഇ.ബി തുക കൈപ്പറ്റിയതിന്റെ രേഖ എന്നിവ സമർപ്പിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 04.01.2018 ൽ സാധാരണ മീറ്റിംങ്ങിലെ 5(6) നമ്പർ തീരുമാന പ്രകാരം എട്ടാം വാർഡിൽ ലൈൻ ഷിഫ്റ്റിംങ് എസ്റ്റിമേറ്റ് എടുക്കുന്നതിന് ഇലക്ട്രിക്കൽ സെക്ഷനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ വർക്കി, മേപ്പിള്ളി എന്ന വ്യക്തിയുടെ കൺസന്റ് നല്കാത്തതിനാൽ പ്രവൃത്തിയുമായി മുന്നോട്ട് പോകുവാൻ കഴിയില്ല എന്ന് 29.06.2018 ലെ ഡി.ബി നം 42/എൽ.എസ്.ജി /18-19/ഇ.എസ്/ ഒക്കൽ/14ാം നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എൻഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ. ഒക്കൽ അറിയിച്ചിട്ടുണ്ട്. മേൽ പരാമർശങ്ങൾ സംബന്ധിച്ചും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർനടപടികളും സംബന്ധിച്ച വിശദീകരണം അടിയന്തരമായി ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 08.01.2019 ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് എട്ടാം വാർഡിൽ ലൈൻ ഷിഫ്റ്റിംങിന് സമ്മതപത്രം ലഭിക്കാത്തതിനാൽ ആയത്

ഒഴിവാക്കി പദ്ധതി പൂർത്തികരിച്ചെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രമോ, പ്രോജക്ട് സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ്, എഗ്രിമെന്റ്, കെ.എസ്.ഇ.ബി തുക കൈപ്പറ്റിയതിന്റെ രേഖ എന്നിവ സമർപ്പിച്ചിട്ടില്ല. ആയതിനാൽ ആ പ്രവൃത്തിക്കായി ചെലവഴിച്ച 193225/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-9 പദ്ധതി പൂർത്തികരിച്ചില്ല.

ഗുണഭോക്താക്കൾക്ക് തുക കൈമാറിയിട്ടും സമയ ബന്ധിതമായി പദ്ധതി പൂർത്തികരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 162/17-18പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ<br><br>ചെലവ് | 1250000 (1150000 ബ്ലോക്ക് വിഹിതം + 100000 വികസനഫണ്ട്)<br>100000/-(വി.ഫണ്ട്)<br>550000/- (ബ്ലോക്ക് വിഹിതം) |
| ബിൽ നം. തീയതി | 4/17-18.10.01.2018<br>05/17-18. 10.01.2018 |
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2016-17സാമ്പത്തിക വർഷത്തിൽ ആരംഭിച്ച മേൽ പ്രോജക്ട് 2017-18സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ടായാണ് നടപ്പിലാക്കുന്നത്. 9 ഗുണഭോക്താക്കൾക്ക് ഈ പ്രോജക്ട് പ്രകാരം പഠനമുറി അനുവദിച്ചു. എന്നാൽ താഴെച്ചേർത്തിട്ടുള്ള 4 ഗുണഭോക്താക്കൾ ഇതേവരേ പദ്ധതി പൂർത്തികരിച്ചിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് തുക കൈമാറിയതിന്റെ വിശദാംശങ്ങളും ചേർക്കുന്നു

| ക്രമ നം | പേര്,വിലാസം | അക്കൗണ്ട് നം | തുക | ചെക്ക് നം, തീയതി | റിമാർക്കസ് |
|---|---|---|---|---|---|
| 1 | ചന്ദ്രൻ.എൻ.എം. ഞാളൂപുരയ്ക്കൽ. ഒക്കൽ | 338702010025828 | 30000<br>50000 | 7385283,22.03.18<br>7385282,12.03.18 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| 2 | രജനി സുരേന്ദ്രൻ നിരപ്പത്ത്,ഒക്കൽ | 012603184722119001 | 25000<br>25000 | 7385285,27.03.18<br>7385283,12.03.18 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| 3 | റസ്റ്റിൻ.എം.എ, മുളയത്ത്കുടി, ഒക്കൽ | 67296767960 | 13635<br>41365 | 7385285,27.03.18<br>7385282,12.03.18 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| 4 | ഷാജി,വടക്കേടൻ ഒക്കൽ | 67225801612 | 30000<br>25000 | 7385285,27.03.18<br>7385282,12.03.18 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| ആകെ | | | 240000 | | |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ഇതിന്നായി ചെലവഴിച്ച 240000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 1150000 രൂപ ചെലവ് പത്രികയിൽ ചെലവായി തന്നെ

രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 1150000 രൂപയിൽ 550000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നും 600000രൂപ ജോയിന്റ് വെൻചർ പ്രോജക്ട് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായും കാണുന്നു.

## 3-10 അഫിലിയേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

താഴെച്ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം അർഹത മാനദണ്ഡം മറികടന്ന് ഗുണഭോക്താവിന് ലാപ്പ്ടോപ്പ് നല്കിയതിന്റെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 29/17-18,പട്ടികജാതിക്കാരായ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ, ചെലവ്,ഫണ്ട് | 480000/- വി.ഫ.(എസ്.സി.പി) 472000/- |
| ബിൽ നം. തീയതി | 6/17-18.21.03..2018. |
| നിർവ്വഹണോദ്യാഗസ്ഥൻ | ഹെഡ് മാസ്റ്റർ.ജി.എൽ.പി.എസ്.ഒക്കൽ |

മേൽ പ്രോജക്ട് പ്രകാരം പട്ടികജാതിക്കാരായ 16 ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് നല്കിയിട്ടുണ്ട്. എന്നാൽ രേവതി.ഒ.ആർ, ഒറ്റേടത്ത്, ഒക്കൽ എന്ന ഗുണഭോക്താവ് ആനുകൂല്യത്തിനായി ഹാജരാക്കിയിട്ടുള്ള കോളേജ് സർട്ടിഫിക്കറ്റിൽ അംഗീകാരമുള്ള യുണിവേഴ്സിറ്റിയുടെ അഫിലിയേഷൻ ഉള്ളതായി കാണുന്നില്ല. ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നവാശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 29500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 എ.ബി.സി പ്രോഗ്രാം.നിർവ്വഹണരേഖകളില്ല

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 89/17-18എ.ബി.സി പ്രോഗ്രാം |
| അടങ്കൽ,ചെലവ്,ഫണ്ടിനം | 200,000,200,000,വികസന ഫണ്ട്. |
| ബിൽ നം. തീയതി | 34/17-18 ,06.03.2018 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

പ്രോജക്ട് നിർവ്വഹണത്തിനായി കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർക്ക് 200,000/- രൂപ നല്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു. ഇത് സംബന്ധിച്ച വിശദീകരണം / രേഖകൾ ലഭ്യമാക്കിയില്ല.

1) എത്ര നായ്ക്കളെ വന്ധ്യകരണം നടത്തിയെന്നതിന് വെറ്റിനറി സർജന്റെ സാക്ഷ്യപത്രം ലഭ്യമല്ല.

2)കുടുംബശ്രീ ജില്ല മിഷൻ കോർഡിനേറ്റർ തുക കൈപ്പറ്റിയതായുള്ള രേഖയില്ല.

3)കരാറിലെ 5-ം വ്യവസ്ഥ പ്രകാരം ഗ്രാമപഞ്ചായത്തിലെ എ.ബി.സി. പ്രവർത്തനങ്ങൾക്കായി പ്രാദ്ദേശികമായി ഒരു മോണിറ്ററിംങ് കമ്മറ്റി രൂപീകരിക്കണമെന്നും, കമ്മറ്റിയുടെ മോണിറ്ററിംങ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നു. എന്നാൽ ആയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ ചൂണ്ടിക്കാട്ടിയ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തുകയുടെ കൈപ്പറ്റ് രസീതും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുന്നതിന് കുടുംബശ്രീ ജില്ല മിഷൻ കോർഡിനേറ്റർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. രേഖകൾ ഹാജരാക്കുന്നത് വരെ ഈ പദ്ധതിക്കായി ചെലവഴിച്ച 200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

.

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 22/17-18,7,10,12 തുടർ സാക്ഷരത |
| അടങ്കൽ, ചെലവ്,ഫണ്ട് | 50000 , 40600, വികസന ഫണ്ട് |
| ബിൽ നം. തീയതി | 4/17-18.17.03..2018. |
| നിർവ്വഹണോദ്യാഗസ്ഥൻ | ഹെഡ് മാസ്റ്റർ.ജി.എൽ.പി.എസ്.ഒക്കൽ |

എറണാകുളം ജില്ല സാക്ഷരത മിഷൻ അതോറിറ്റിയുടെ 08.03.2018 ലെ DLM/A1/EQ10/2018 കത്ത് പ്രകാരം 10-ാം തരം തുല്യത പഠനത്തിന്നായി 17 കുട്ടികളുടെ ഫീസിനത്തിൽ 29950 രൂപയും (1850*2=3700,15*1750=26250),06.03.2018 ലെ DLM/A1/EQhs/2018 കത്ത് പ്രകാരം 5ഹയർ സെക്കണ്ടറി കുട്ടികളുടെ ഫീസിനത്തിൽ 10650 രൂപയും (1950*2=3900, 3*2250=10650) സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി എന്ന പേരിൽ എസ്.ബി.ടിയുടെ ശാസ്തമംഗലം ശാഖയിലെ 57026996123 എന്ന അക്കൗണ്ട് നമ്പറിലേക്ക് നല്കിയിട്ടുണ്ട്. എന്നാൽ തുടർ സാക്ഷരതയിൽ പങ്കാളിയായ കുട്ടികൾ പരീക്ഷയെഴുതിയതിന്റെ വിശദാംശങ്ങളോ, തുക നല്കിയതിന്റെ വിനിയോഗസാക്ഷ്യപത്രമോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല, ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നവാശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 40600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 തെരുവ് വിളക്ക് മീറ്ററിംങ് പൂർത്തിയാക്കിയില്ല

.

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 6/17-18തെരുവ് വിളക്ക് മീറ്ററിംങ് |
| അടങ്കൽ/ചെലവ്, ഫണ്ടിനം | 800000/800000 ധനകാര്യകമ്മീഷൻ ഗ്രാന്റ്. |
| ബിൽ നം. തീയതി | 19/17-18 ,21.10.2017 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി3/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്ക്നിക്കൽ സഹായം കെ.എസ്.ഇ.ബി നല്കുന്നതും, ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു. മേൽ സൂചിത പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബിക്ക് 800000 രൂപ നല്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകൾ മീറ്റിംങ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിന്നാവശ്യമായ വിശദമായ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി പഞ്ചായത്തിന് നൽകിയതായി കാണുന്നില്ല.
2. തുകയുടെ വിനിയോഗസാക്ഷ്യപത്രം കെ.എസ്.ഇ.ബി. ഗ്രാമപഞ്ചായത്തിന് നൽകിയതായി കാണുന്നില്ല.
3. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ മീറ്ററിംങ് സമ്പ്രദായത്തിലേക്ക് പൂർണ്ണമായും മാറ്റിയിട്ടുള്ളതിന്റെ വിവരം ലഭ്യമല്ല.

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ മീറ്ററിംങ് സമ്പ്രദായത്തിലേക്ക് ആക്കുന്നതിനുള്ള പ്രവർത്തികൾ നടന്നുവരികയാണെന്നും, ഒരു മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുകയാണ് നല്കിയിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ പരാമർശത്തിൽ ചൂണ്ടിക്കാട്ടിയ രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ

ചെലവഴിച്ച 800000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 ശമ്പള പരിഷ്കരണ കുടിശ്ശിക സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ ചെലവ്.

| വൗച്ചർ നമ്പർ | തുക |
|---|---|
| 21700009 / 07.04.2017 | 68550/- |

2014 ലെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നാം ഗഡു നൽകിയതുമായി ബന്ധപ്പെട്ട ചെലവ് വിവരമാണ് മേൽ ചേർത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന നാല് ഉദ്യോഗസ്ഥർക്കാണ് ഈ തുക പണമായി നൽകിയിട്ടുള്ളത്.

| പേര് | ഉദ്യോഗപ്പേര് | തുക |
|---|---|---|
| റാസ്മി.പി.എം. | സീനിയർ ക്ലർക്ക് | 19088 |
| ജയകുമാരി.എ.എസ്. | സീനിയർ ക്ലർക്ക് | 11485 |
| പ്രസാദ്.എം.എ. | ക്ലർക്ക് | 14945 |
| ഉബെയ്സ്.എ.എച്ച് | ഓഫീസ് അറ്റന്റന്റ് | 23032 |

ഓഡിറ്റ് പരാമർശങ്ങൾ

1. ശമ്പള പരിഷ്കരണ കുടിശ്ശിക ഒന്നാം ഗഡു അനുവദിച്ചു കൊണ്ടുള്ള ഉത്തരവിൽ ( സ.ഉ.(പി) 45/ 2017/ധന/ 09.04.2017) തുക ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി തുക ജീവനക്കാർക്ക് പണമായിട്ടാണ് നൽകിയിട്ടുള്ളത്.
2. സ.ഉ.(പി) 50/ 2017/ധന / 22.04.2017 പ്രകാരം ചില പ്രത്യേക വിഭാഗം ജീവനക്കർക്ക് പ്രസ്തുത തുക പണമായി നൽകുന്നതിന് അനുവദിച്ചിട്ടുണ്ട്. മേൽ വിവരിച്ച ജീവനക്കാർ, ഈ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ ആയതിന്റെ രേഖകളൊന്നും വൗച്ചറിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. കുടിശ്ശിക അനുവദിച്ച് സർക്കാർ ഉത്തരവിറക്കിയത് 09.04.2017 നാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 07.04.2017ൽ കുടിശ്ശിക അനുവദിച്ചതായി കാണുന്നു.

ഈ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/6.1.2019) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 68550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 പത്രപരസ്യചാർജ്ജ് - 15% കിഴിവ് ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 1/17-18പദ്ധതി രൂപീകരണം |
| അടങ്കൽ,ഫണ്ടിനം<br>ചെലവ്,ഫണ്ടിനം | 300000വികസനഫണ്ട് 122422 തനത് ഫണ്ട്<br>200000വികസനഫണ്ട് 100000 തനത് ഫണ്ട് . |
| ബിൽ നം. തീയതി | 6/17-18 ,11.08.2017,46/17-18 ,11.08.2017, 01/17-18.31.07.2017 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് കമ്മറ്റിയുടെ 30.03.2017 ലെ 5ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്നും വിവിധ മാധ്യമങ്ങളിലേക്ക് പത്രപരസ്യം നല്കിയിരുന്നു. ടി സ്ഥാപനങ്ങളിൽ നിന്ന് 04.01.2011 ലെ ജി.ഒ (ആർ.ടി) 1/2011 /പി. ആന്റ് എ.ആർ.ഡി സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 15%

കിഴിവ് ലഭിക്കേണ്ടതാണ്. എന്നാൽ മാതൃഭൂമി ദിനപത്രത്തിന് നല്കിയ പത്രപരസ്യത്തിന് ടി സ്ഥാപനം ആകെ 24240 രൂപയുടെ ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഡിസ്കൗണ്ട് പഞ്ചായത്തിന് നല്കിയിട്ടില്ല, (ഇൻവോയ്സ് 61072545 തീ 25.06.2017 തുക 19200, ഇൻവോയ്സ് 61154674 തീ.09.11.2017 തുക 5040) എന്നാൽ ദേശാഭിമാനി, വീക്ഷണം എന്നീ ദിനപത്രങ്ങൾക്ക് നല്കിയ പത്രപരസ്യങ്ങൾക്ക് ഈ ഇളവ് പഞ്ചായത്തിന് ലഭിച്ചിട്ടുമുണ്ട്. മാതൃഭൂമി ദിനപ്പത്രത്തിന് നൽകിയ പരസ്യചാർജ്ജിന് കിഴിവ് ലഭിക്കാതിരുന്നതിന്റെ കാരണവും ആയത് നേടിയെടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 08.01.2019 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് ഈ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട് നല്കുന്ന പത്ര പരസ്യങ്ങൾക്ക് അർഹമായ കിഴിവ് നേടിയെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-16 ജോയിന്റ് വെൻജർ പ്രോജക്ട് - നീക്കിയിരുപ്പ് തുകയുടെ വിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷത്തിലെ ജോയിന്റ് വെൻജർ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ലഭിച്ച 3366400/- രൂപയിൽ 2131400/- രൂപ വിനിയോഗിച്ചിട്ടുണ്ട്. നീക്കിയിരുപ്പ് 1235000/-രൂപയാണ്.എന്നാൽ വാർഷിക കണക്കിലെ ബി.4 ഷെഡ്യൂൾപ്രകാരം നീക്കിയിരുപ്പ് തുക താഴെ പറയും പ്രകാരം 1352946 രൂപയാണ്.

| കോഡ് നം | വിശദവിവരം | തുക |
|---|---|---|
| 320700104 | Contribution for joint venture projects (for Capital expenditure) from Block Panchayat. | 685009 |
| 320700204 | Contribution for joint venture projects ( for Revenue expenditure) from Block Panchayat. | 67937 |
| 320700404 | Contribution for other specific purpose (for Revenue expenditure) from Block Panchayat. | 600000 |
| ആകെ | | 1352946 |

ഏതെല്ലാം പ്രോജക്ടുകൾക്ക് വേണ്ടിയാണ് 117946/- രൂപ നീക്കിയിരുപ്പ് ഉള്ളത് എന്ന് വ്യക്തമാകുന്നില്ല. അവ ഏതെല്ലാമെന്ന് വ്യക്തമാക്കുന്നതിനും ഇത് സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.24/13.01.2019) നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. എ.സി.ആർ. കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഈ തുകകളുടെ വിശദവിവരം ലഭ്യമല്ല. പ്രസ്തുത തുകകൾ വിനിയോഗിക്കുന്നതിനായി പ്രോജക്ടുകൾ നിലവിൽ ഇല്ലാത്തതിനാൽ അവ തിരികെ ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതാണ്.

## 3-17 ഫിറ്റ്നസ് ഇല്ലാതെ അങ്കണവാടി പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 25 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. 15 എണ്ണം ഗ്രാമപഞ്ചായത്തിന്റെ സ്വന്തം കെട്ടിടങ്ങളിലും, 10 എണ്ണം വാടകകെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011ലെ സർക്കുലർ നം 31055/ഡി.സി2/2011 പ്രകാരം "എല്ലാ വർഷവും മെയ് മാസം പത്താം തീയതിക്കകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചീനിയർ / ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. ആയത് പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 25 അങ്കണവാടികളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഫയൽ പരിശോധിച്ച അവസരത്തിൽ ലഭ്യമാക്കിയിരുന്നില്ല. ആയത് അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിക്ക്

അങ്കണവാടികളുടെ ഫിറ്റ്നസ് ആവശ്യപ്പെട്ട് കൊണ്ട് 21.06.2018 ൽ A1-2448/18 നമ്പർ പ്രകാരം കത്ത് നല്കിയതിന് അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

എഞ്ചിനീയർ ലഭ്യമാക്കിയ സർട്ടിഫിക്കറ്റ് പ്രകാരം രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന 22-ാം നമ്പർ അങ്കണവാടി ഒഴികെ ബാക്കി എല്ലാ അങ്കണവാടികളും ഫിറ്റ് ആണ്. ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിപ്പിക്കുന്നത് ഗൗരവത്തോടെ വീക്ഷിക്കപ്പെടേണ്ടതാണ്. കെട്ടിടം അങ്കണവാടി പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമാക്കേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയിലേക്ക് ശുപാർശ ചെയ്യുന്നു.

## 3-18 വെള്ളക്കരം - ഭീമമായ കുടിശ്ശിക – ഉപയോഗക്ഷമമല്ലാത്ത ടാപ്പുകൾ റദ്ദാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 185 പൊതുടാപ്പുകളാണുള്ളത്. പ്രതിവർഷം ടാപ്പൊന്നിന് 5250/- രൂപയാണ് വെള്ളക്കരം. പ്രതിമാസം 80938/- രൂപയാണ് പൊതു ടാപ്പുകൾക്കായുള്ള വെള്ളക്കരം. ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് 971256/- രൂപ (80938 x 12) ഈയിനത്തിൽ തനത് ഫണ്ടിൽ നിന്നും ജലഅതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. ഇത് കൂടാതെ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. എസ്.0008/18 പ്രകാരം 100000/- രൂപ റോഡിതരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വെള്ളക്കരം കുടിശ്ശികയും അടവാക്കിയിട്ടുണ്ട് ( ബിൽ നമ്പർ 22/17-18/21.11.2017).

ഓഡിറ്റ് പരാമർശങ്ങൾ

1. വെള്ളക്കരം ഇനത്തിൽ നിലവിൽ എത്ര രൂപ കുടിശ്ശിക ഉണ്ട് എന്ന് ഉറപ്പാക്കാതെയാണ് പ്രോജക്റ്റ് ഏറ്റെടുത്ത് തുക അടവാക്കിയിട്ടുള്ളത്.
2. ജലഅതോറിറ്റി അധികാരികളും പഞ്ചായത്ത് അധികാരികളും ചേർന്ന് പരിശോധന നടത്തി പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കി ഉപയോഗപ്രദമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.
3. ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ എണ്ണം അവയുടെ സ്ഥാനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നതായി കാണുന്നില്ല.

ഈ പരാമർശങ്ങൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/13.01.2019) 30.11.2018 ലെ കുടിശ്ശിക 70,70,853/- രൂപ ആണെന്നും, സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ജലഅതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ലെന്നും ടാപ്പുകൾ സംബന്ധിച്ച രജിസ്റ്റർ നിലവിൽ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.

09.08.2017 ലെ 12(1) -ാം നമ്പർ തീരുമാന പ്രകാരം, കുടിവെള്ളം പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ലഭ്യമല്ലാത്ത സാഹചര്യത്തിൽ വെള്ളക്കരം അടയ്ക്കേണ്ടതില്ല എന്ന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട്. ആയതിനാൽ ഉപയോഗക്ഷമമല്ലാത്ത ടാപ്പുകൾ എത്രയും വേഗം റദ്ദാക്കി വെള്ളക്കരം ഇനത്തിൽ അനാവശ്യമായുണ്ടാകുന്ന ചെലവ് കുറക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19 പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പാസ്സാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 19.07.2017 ലെ 10(1)-ാം നമ്പർ തീരുമാനം പ്രകാരം പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രസിദ്ധീകരിക്കുന്നതിനും 27.07.2017ലെ 1(8)-ാം നമ്പർ തീരുമാനം പ്രകാരം പ്ലാസ്റ്റിക്ക് രഹിത പഞ്ചായത്ത് ആക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കിയിട്ടില്ല. പ്ലാസ്റ്റിക്ക് രഹിത

പഞ്ചായത്താക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടും (എൻക്വയറി നം. 37/15-1-2019) ആയത് ലഭ്യമാക്കിയിട്ടുമില്ല. ഖരമാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് നിയമപ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നടപ്പിലാക്കുന്നതിന് സത്വര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-20 ഇ.എം.എസ്.ഭവന നിർമ്മാണം - ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തില്ല.

. ഗ്രാമപഞ്ചായത്തിന്റെ 19.07.2017 ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം ഇ.എം.എസ്. അക്കൗണ്ടിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന 26,57,062/- രൂപയിൽ വായ്പ മുതൽ തുക 4,67,107/- രൂപ തിരിച്ചടച്ചശേഷം ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തീരുമാനം നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തിൽ വായ്പാ തുക തിരിച്ചടവ് നടത്തിയിട്ടുമില്ല. പഞ്ചായത്ത് കമ്മറ്റി കൈക്കൊണ്ട തീരുമാനം എത്രയും വേഗം നടപ്പിലാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

.

.

## 3-21 ഭവനപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗമില്ലാതെ സൂക്ഷിക്കുന്നു.

. ബാലൻസ് ഷീറ്റിലെ ബി.4 ഷെഡ്യൂളിൽ വിവിധ ഭവന പദ്ധതികൾക്കായി പഞ്ചായത്തിന് ലഭിച്ചിട്ടുള്ള തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| കോഡ് | തുക | ഇനം |
|---|---|---|
| 320300199 | 11,12,500/- | എം.എൻ. ലക്ഷംവീട് ഇരട്ട വീടുകൾ ഒറ്റവീടാക്കുന്ന പദ്ധതിക്കായി ലഭിച്ച തുക : ഈ തുക തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. |
| 320400199 | 1,30,274/- | ജനകീയഭവനപദ്ധതിക്കായി ലഭിച്ച തുക: പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. |

. വിനിയോഗമില്ലാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന ഈ തുകകൾ സർക്കാരിൽ നിന്നും അനുവാദം നേടി നിലവിലുള്ള മറ്റ് ഭവന പദ്ധതിയിലേക്ക് അടവാക്കേണ്ടതാണ്.

## 3-22 തുടർസാക്ഷരത

1. തനത് ഫണ്ടിൽ നിന്നുള്ള ചെലവ് - ബാലൻഷ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| വൗച്ചർ നമ്പർ | തുക |
|---|---|
| 21700010 / 11.04.2017 | 12000/- |

. ഗ്രാമപഞ്ചായത്തിലെ തുടർസാക്ഷരതാ പ്രേരകിന്റെ മാർച്ച് 2017 ലെ ഓണറേറിയം നൽകിയതിന്റെ വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഈ തുക സാക്ഷരതാമിഷനിൽ നിന്നുള്ള ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള മുൻകൂറാണ്. എന്നാൽ ഈ തുക, 4 ൽ തുടങ്ങുന്ന മുൻകൂർ ഹെഡിനു പകരം 210100107 എന്ന റവന്യൂ ചെലവ് ഹെഡിൽ നിന്നാണ് അനുവദിച്ചിട്ടുള്ളത്.

ആയതിനാൽ തന്നെ ഈ തുക ഗ്രാമപഞ്ചായത്തിന്റെ 17-18 വാർഷിക കണക്കിൽ തിരിച്ചു ലഭിക്കുവാനുള്ള മുൻകൂർ എന്ന ഇനത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

2016-17 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 പ്രകാരം മുൻവർഷത്തിൽ ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ 21851/- രൂപ ലഭിക്കുവാനുണ്ട് എന്ന് പരാമർശിച്ചിരുന്നു. ഈ തുക ഉൾപ്പെടെ 33851/- രൂപ സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും അക്കൗണ്ടിൽ വന്നിട്ടുള്ള മേൽ വിവരിച്ച അപാകത സംബന്ധിച്ച വിശദീകരണവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/6.1.2019) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 12000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. തുടർസാക്ഷരത സ്പെഷ്യൽ ഫണ്ട് - ബി.17 / ബി.4 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.

തുടർസാക്ഷരത സ്പെഷ്യൽ ഫണ്ട്, ബാലൻസ് ഷീറ്റിന്റെ ബി.17, ബി.4 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഷെഡ്യൂൾ | കോഡ് നം | വിശദവിവരം | തുക |
|---|---|---|---|
| ബി.17 | 450420101 | സാക്ഷരത സ്പെഷ്യൽ ഫണ്ട് | 379293 |
| ബി.4 | 320200309 | ലിറ്ററസി സ്കീം ഗ്രാന്റ് | 385093 |
| വ്യത്യാസം | | | 5800 |

ലയബിലിറ്റി ഹെഡിൽ വരവുള്ള അത്രയും തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ വരാത്തത് സംബന്ധിച്ചും സാക്ഷരതാ സ്പെഷ്യൽ ഫണ്ട് ഹെഡിൽ തുക നീക്കിയിരുപ്പ് ഉണ്ടായിരിക്കെ തുടർസാക്ഷരതാ പ്രേരകിന്റെ മാർച്ച് 2017 ലെ ഓണറേറിയം 12000/- രൂപ 210100107 എന്ന റവന്യൂ ചെലവ് ഹെഡിൽ നിന്നും നൽകുവാനുണ്ടായ സാഹചര്യം സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് 25/13.01.2019 -ം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിന്, മുൻവർഷങ്ങളിൽ തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുക 17.07.2014 ൽ സാക്ഷരതാമിഷനിൽ നിന്നും ലഭിച്ച ഫണ്ടാണെന്ന് വിശദീകരണം നൽകിയിട്ടുണ്ട്. ഈ തുക തനത് ഫണ്ട് അക്കൌണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 58400 | ക്ഷീര സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 58400 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1150000 | എസ്. സി. വിദ്യാർത്ഥികൾക്ക് പഠനമുറി | 550000 | 600000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 238000 | നെൽക്കൃഷി വികസനം കൂലിച്ചെലവ് സബ്സിഡി | 238000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1320000 | വനിതാവികസന കേന്ദ്രം | 685000 | 635000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

. ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | തെരുവ് വിളക്കുകൾക്ക് മീറ്ററിങ്ങ് | 19/17-18/ 21.10.2017 | 800000 | 0 | 800000 |
| | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 28/17-18/ 23.01.2018 | 193225 | 0 | 193225 |
| കേരള ജല അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 25/17-18/ 06.01.2018 | 2492000 | 0 | 2492000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

. ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 1098/2010/ 27.03.2010 | 8353500 | 467107 | 0 | 0 | 467107 |

## 4-5 സ്ഥിര നിക്ഷേപം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും തന്നെ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,50,95,795 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,74,49,807 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,06,19,100 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 76700 | ശ്രീ.മധുസൂദനൻ.ടി.ജി.,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | 6398930 | ശ്രീമതി.മഞ്ജു.കെ.ആർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 2542000 | ശ്രീ.വി.എസ്.സുരേഷ് ബാബു, സെക്രട്ടറി |
| 3-7 | 17595 | ശ്രീ.അലിയാർ,<br>ഹെഡ്മാസ്റ്റർ |
| 3-8 | 193225 | ശ്രീ.വി.എസ്.സുരേഷ് ബാബു, സെക്രട്ടറി |
| 3-9 | 240000 | ശ്രീ.മധുസൂദനൻ.ടി.ജി.,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 29500 | ശ്രീ.അലിയാർ, ഹെഡ്മാസ്റ്റർ |
| 3-11 | 200000 | ശ്രീ.വി.എസ്.സുരേഷ് ബാബു, സെക്രട്ടറി |
| 3-12 | 40600 | ശ്രീ.അലിയാർ, ഹെഡ്മാസ്റ്റർ |
| 3-13 | 800000 | ശ്രീ.വി.എസ്.സുരേഷ് ബാബു, സെക്രട്ടറി |
| 3-14 | 68550 | ശ്രീ.വി.എസ്.സുരേഷ് ബാബു, സെക്രട്ടറി |
| 3-22 | 12000 | ശ്രീ.വി.എസ്.സുരേഷ് ബാബു, സെക്രട്ടറി |
| ആകെ | 10619100 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-5 | 6367 |
| 3-6 | 9124 |
| ആകെ | 15491 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.എസ്.സുരേഷ് ബാബു, സെക്രട്ടറി | സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത് | വാടശ്ശേരി ഹൗസ്, പൂക്കാട്ടുപടി, എറണാകുളം |
| ശ്രീ.മധുസൂദനൻ.ടി.ജി., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത് | ശ്രീനിലയം ഹൗസ്, ഒക്കൽ.പി.ഒ., പെരുമറ്റം |
| ശ്രീമതി.മഞ്ചു.കെ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഒക്കൽ ഗ്രാമപഞ്ചായത്ത് | മാത്താണിയിൽ, തൃക്കളത്തൂർ, മൂവാറ്റുപുഴ |
| ശ്രീ.അലിയാർ, ഹെഡ്മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. | എടപ്പള്ളിമറ്റത്തിൽ, ചെറുവത്തൂർ, കോതമംഗലം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ എഫ് ഇ (പി2)/59/07 തീയതി:09.02.2007/17.04.2007 |
| 2001-02 | എൽ എഫ് ഇ (പി2) /60/07 തീയതി: 9.02.2007/02.07.2007 |
| 2002-03 | എൽ എഫ് ഇ (പി2)/133/10 തീയതി:23.12.2010/03.05.2011 |
| 2003-04 | എൽ എഫ് ഇ (പി2) /134/10 തീയതി:23.12.2010/03.05.2011 |
| 2004-05 | എൽ എഫ് ഇ (പി2) /135/10 തീയതി:23.12.2010/03.05.2011 |
| 2005-06 | എൽ എഫ് ഇ (പി2) /136/10/ തീയതി:23.12.2010/03.05.2011 |
| 2006-07 | എൽ എഫ് ഇ (പി2) /137/10 തീയതി:23.12.2010/03.05.2011 |
| 2007-08 | എൽ എഫ് ഇ (പി2) /943/11 തീയതി:09.03.2012/16.04.2012 |
| 2008-09 | എൽ എഫ് ഇ (പി2) 944/11 തീയതി:09.03.2012/16.04.2012 |
| 2009-10 | എൽ എഫ് ഇ (പി2) 1845/11 തീയതി:21.10.2011/10.11.2011 |
| 2010-11 | എൽ എഫ് ഇ (പി2)1846/11 തീയതി:21.10.2011/10.11.2011 |

| | |
|---|---|
| 2011-12 & 2012-13 | എൽ എഫ് ഇ (പി2) 1339/2014 തീയതി: 08.01.2015 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി2) 2023/2015 തീയതി: 08.01.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി2) 1989/2016 തീയതി: 07.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി2) 1922/2017 തീയതി: 22.11.2017 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കര്യലയം, എറണകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഇകെഎം(പി2)121/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി: 06/02/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 215(6), കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.3 യിൽ Liability ആയി Special funds (Utilised) (Code 312300100) എന്ന ഹെഡിൽ 1,47,900/-രൂപയും ഷെഡ്യൂൾ ബി.4 ൽ Grants Funds & Contribution for specific purpose other Govt Agencies (Code 320300199) എന്ന അക്കൗണ്ടിൽ 11,12,500/- നീക്കിബാക്കിയുണ്ട്. എന്നാൽ ഇത് എന്ത് ആവശ്യത്തിന് ഏത് ഏജൻസിയിൽ നിന്നും എപ്പോൾ ലഭ്യമായി എന്ന വിവരം തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.
2. ഡിപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ്ഷീറ്റിലെ ബി.7

ഷെഡ്യൂളിലെ ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

3. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
4. വസ്തുനികുതി സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ